**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **07-10-2024 - ൽ മറുപടിയ്ക്ക്**

**ആർദ്രം മിഷൻ IIന്റെ വാർഷിക ആരോഗ്യ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം മിഷൻ II-ന്റെ ഭാഗമായി 30 വയസ്സ് കഴിഞ്ഞ വ്യക്തികളുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന വാർഷിക ആരോഗ്യ പരിശോധനയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആർദ്രം മിഷന്റ ഭാഗമായി മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആദ്യഘട്ടം പൂർത്തിയാക്കി. വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് ജൂൺ 2024 മുതൽ ആരംഭിക്കുകയുണ്ടായി. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലി എന്ന ആപ്ലിക്കേഷനിലൂടെ സംസ്ഥാനത്തെ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1,77,30,149 പേരെയാണ് ഈ പദ്ധതിയിലൂടെ സർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ 32,98,122 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 15,88,427 പേർക്ക് ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക് ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 77,357 പേർക്ക് ക്യാൻസർ രോഗ സാധ്യതയും, 1,07,012 പേർക്ക് ടി.ബി രോഗത്തിനുള്ള സാധ്യതയും, 1,44,481 പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 4,30,011 പേർക്ക് രക്താതിമർദ്ദം ഉള്ളതായും 2,86,003 പേർക്ക് പ്രമേഹ രോഗമുള്ളതായും, 1,69,746 പേർക്ക് പ്രമേഹവും രക്താതിമർദ്ദവുമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഈ സർവ്വേ സംസ്ഥാനത്തെ 14 ജില്ലകളിലും ആശാ പ്രവർത്തകരുടെ സഹായത്തോടുകൂടി നടന്നുവരുന്നുണ്ട്. സർവ്വേ നടത്തപ്പെടുന്ന ജനങ്ങളുടെ സ്ക്രീനിംഗ് അതാത് ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് ജെ പി എച്ച് എൻ, ജെ എച്ച് ഐ, എം എൽ എസ് പി എന്നിവരുടെ സഹായത്തോടുകൂടിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ സഹായത്തോടുകൂടിയും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നതിനുള്ള പദ്ധതി നിലവിലെ ആരോഗ്യ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടുത്ത നാൽപ്പെത്തെട്ടു മണിക്കൂർ, ഗോൾഡൻ അവർ ട്രീറ്റ്മെന്റ് പ്രദാനം ചെയ്യുന്ന പദ്ധതി സർക്കാരിന്റെ അതീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ